# യേശുക്രിസ്തുവിന്റെ രണ്ടാം വരവ്



യേശുക്രിസ്തുവിന്റെ രണ്ടാംവരവിന് രണ്ട് ഘട്ടങ്ങളുണ്ട്. ഒന്നാമതായി സഭയ്ക്കുവേണ്ടി, രണ്ടാമതായി സഭയുമായി വരുന്നു. ഒന്നാമത്തെ ഘട്ടത്തിൽ കർത്താവ് മധ്യാകാശത്ത് മാത്രമേ എത്തുന്നുള്ളു. ഇതിനെ **ഉൽപ്രാപണം** എന്നു വിളിക്കുന്നു. ഈ സമയം കൈവിട്ടുപോയവർ ചോദിക്കുന്ന ചോദ്യമാണ് നാം ഇതിന്റെ ആദ്യപേജിൽ കണ്ടത്.

## ★ ഉൽപ്രാപണം എന്നാലെന്ത് ?

യേശുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ച് പാപക്ഷമ പ്രാപിച്ച, വിശുദ്ധിയോടെ നിത്യതയ്ക്കുവേണ്ടി ജീവിക്കുന്ന സകല വിശുദ്ധന്മാരെയും ചേർക്കുവാനായി കാലതാമസം കൂടാതെ അവൻ മധ്യാകാശത്തിൽ വെളിപ്പെടും. തൽസമയം സകല വിശുദ്ധന്മാരും ആകാശത്തിൽ അവനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടുന്നു. ഇതിനെ ബൈബിളിൽ ഉൽപ്രാപണം (മേഘപ്രത്യക്ഷത) എന്ന പേരിലറിയപ്പെടുന്നു.

"കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" 1 തെസ്സ. 4:16,17.

## ★ ഉൽപ്രാപണം സംഭവിക്കുന്നത് എപ്പോൾ?

യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയുടെ സമയത്തെപ്പറ്റി വ്യക്തമായ സൂചന ലഭിക്കുന്നില്ല.

"നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ" മത്താ. 24:44. "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" മത്താ. 24:36. ഏത് സമയത്തും ക്രിസ്തു തന്റെ രക്തം കൊണ്ട് സമ്പാദിച്ച സഭയെ ചേർക്കുവാൻ മധ്യാകാശത്തിൽ വെളിപ്പെടും. ആകയാൽ ഒരുങ്ങിയിരിക്കാം.

## ★ ഇതെന്നെ ബാധിക്കുന്നതാണോ?

ഉൽപ്രാപണം പ്രാപിക്കുന്ന വിശുദ്ധന്മാരുടെ ഗണത്തിൽ താങ്കൾ ഉൾപ്പെടുന്നില്ലെങ്കിൽ തീർച്ചയായും കൈവിടപ്പെട്ട് പോകുകയും മഹോപദ്രവത്തിലൂടെ കടന്നുപോയി വഴിതെറ്റിയവനായി നരകാഗ്നിയിൽ കിടന്ന് നിത്യത മുഴുവൻ യാതന അനുഭവിക്കേണ്ടതായിവരും. നിത്യനാശത്തിൽ നിന്നും രക്ഷപ്രാപിക്കുവാനുള്ള ഏകവഴി കർത്താവായ യേശുക്രിസ്തു ഒരുവനിൽ മാത്രം.

## ★ താങ്കൾ പിൻതള്ളപ്പെട്ടു പോകുമോ?

കർത്താവിന്റെ രണ്ടാംവരവിങ്കൽ കൈവിടപ്പെട്ടു പോകുന്ന സകല ഭൂവാസികളും സഹായത്തിനായും, ആശ്വാസത്തിനായും മുറവിളിക്കും. ആ കാലത്ത് ഭൂമിയിൽ ജീവിക്കുന്ന സകല മനുഷ്യരും പരിഭ്രാന്തരായി സമാധാനമന്വേഷിച്ച് നാനാ ദിക്കുകളിലേക്കുമായി ചിതറപ്പെടും. ലോകത്തിന്റെ ഭരണം അന്തിക്രിസ്തു ഏറ്റെടുക്കും. ഈ നാളു

കളിലെ ജനങ്ങളുടെ ഹൃദയത്തിൽ നിന്നും ഉയരുന്ന ഒരു ചോദ്യമാണ്, ക്രിസ്തു വിശ്വാസികൾ എവിടെയാണ് പോയത്? ലോകം ക്രൈസ്തവവിശ്വാസികളെ അൽപ്പം ആശ്വാസത്തിനായി ഭൂമിയിൽ അന്വേഷിക്കുന്നു. എന്നാൽ അവർ ആരുംതന്നെ ഉൽപ്രാപണത്തിന് ശേഷം ഭൂമിയിൽ ഉണ്ടാവില്ല. സകല വിശുദ്ധന്മാരും ആ സമയം വിശ്വാസത്തിന്റെ നായകനും വീണ്ടെടുപ്പുകാരനുമായ ക്രിസ്തുവുമൊത്ത് സ്വർഗ്ഗത്തിലായിരിക്കും.

## ★ മഹോപദ്രവകാലം

സഭ ഭൂമിയിൽ നിന്നും എടുക്കപ്പെടുമ്പോൾ മുതലുള്ള 7 വർഷത്തെ മഹോപദ്രവകാലം എന്നു വിളിക്കുന്നു. ഈ ഏഴുവർഷക്കാലത്തെ **മഹാകഷ്ടത്തിന്റെ നാളുകൾ** എന്നാണ് വെളി. 7:14 ൽ കാണുന്നത്. ഈ ഏഴു വർഷത്തെ രണ്ടായി തിരിക്കാം. ആദ്യത്തെ 3½ വർഷവും രണ്ടാമത്തെ 3½ വർഷവും. അന്തിക്രിസ്തുവിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ 3½ വർഷത്തെ ഭരണം സമാധാനപരമായിരിക്കും. പ്രത്യേകാൽ യിസ്രായേലിനോടുള്ള ബന്ധത്തിൽ ഈ സമയത്തെ ഭരണം തികച്ചും സമാധാനപരവും കൂടാതെ അന്തിക്രിസ്തു വിനെ അവർ തങ്ങളുടെ പ്രത്യാശാപുരുഷനായ മശിഹയായി വിശ്വസിക്കുകയും ചെയ്യുന്നു. ആദ്യത്തെ 3½ വർഷം കഴിയുമ്പോഴേക്കും അന്തിക്രിസ്തു തന്റെ തനിനിറം വെളിപ്പെടുത്തുന്നു. ഈ സമയം യിസ്രയേൽ വഞ്ചിക്കപ്പെട്ടതായി ബോധ്യമാകുന്നു. അവസാനത്തെ 3½ വർഷം അന്തിക്രിസ്തു സർവ്വശക്തിയോടെ രംഗപ്രവേശനം ചെയ്യുന്നു. ക്രോധവും കിരാതവുമായ ഭരണമാണ് ഈ സമയം ലോകത്തിൽ നടക്കുന്നത്.

സർവ്വലോകവും സർവ്വമേഖലയും ഈ ഏക ലോകനേതാവിന്റെ കൈകളിൽ അമരുന്നു. സകല ലോകരാഷ്ട്രങ്ങളും അന്തിക്രിസ്തുവിന്റെ കിരാതമായ ഭരണത്തിൻകീഴിൽ അകപ്പെട്ട് വീർപ്പുമുട്ടുന്നു. കൂടാതെ മൃഗവും കള്ളപ്രവാചകനും ചേർന്ന് ലോകത്തിൽ വ്യാപകമായ നാശം വിതക്കുന്നു. ക്രിസ്തുവിനെ തിരസ്കരിച്ച ലോകജനതയുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയാണ് അപ്പോൾ ഭൂമിയിൽ നടക്കുന്നത്. വെളി.16:1. മുതലുള്ള ഭാഗങ്ങൾ ഭൂമിയിൽ നടക്കുന്ന ദൈവികന്യായവിധിയെപ്പറ്റിയുള്ള ചിത്രം നൽകുന്നു. ഇതുവരെ ലോകം കണ്ടിട്ടില്ലാത്തവിധം മനുഷ്യവർഗ്ഗം മുഴുവൻ പീഢനം അനുഭവിക്കുന്നു. ആകാശവും ഭൂമിയും സമുദ്രവും തുടങ്ങി സകല മണ്ഡലങ്ങളിലും ദൈവികകോപം നിറഞ്ഞുനിൽക്കുന്നു. ഈ മഹാകോപത്തിൽ നിന്നും രക്ഷപെടാനായി ദൈവം ഒരുക്കിയ ഏകമാർഗ്ഗമാണ് കർത്താവായ യേശുക്രിസ്തു.

## ★ മഹത്വപ്രത്യക്ഷത

ഏഴുവർഷത്തെ മഹോപദ്രവത്തിന്റെ അന്ത്യത്തിൽ വിശുദ്ധന്മാരുമായി ഭൂമിയിൽ വരുന്നതിനെ മഹത്വപ്രത്യക്ഷത എന്നുവിളിക്കുന്നു 1 തെസ്സ. 3:13. ഭൂമിയിൽ ഏഴുവർഷം മഹാപീഢനം നടക്കുമ്പോൾ സഭ സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടൊപ്പമായിരിക്കും. അവിടെ സകല വിശുദ്ധന്മാരും യേശുക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ അവരുടെ പ്രവർത്തിക്കനുസരിച്ച് പ്രതിഫലം പ്രാപിക്കുന്നു. മഹോപദ്രവകാലം

കഴിഞ്ഞ ശേഷം ക്രിസ്തുവും സകല വിശുദ്ധൻമാരുമായി ഭൂമിയിൽ യരുശലേമിനെതിരെ കിഴക്കുള്ള ഒലിവ്മലയിൽ പ്രത്യക്ഷമായി പാദങ്ങൾ ചവിട്ടും സെഖ.14:4. തുടർന്ന് ക്രിസ്തുവും വിശുദ്ധൻമാരുമായി അന്തിക്രിസ്തുവിനെയും സൈന്യത്തെയും പരാജയപ്പെടുത്തുന്നു. ഇതോടെ അന്തിക്രിസ്തുവിന്റെ ഏഴു വർഷത്തെ ഭരണത്തിന് അന്ത്യം കുറിക്കുന്നു. തുടർന്ന് 1000 ആണ്ടത്തേയ്ക്ക് യരുശലേം ആസ്ഥാനമാക്കിക്രിസ്തു ലോകത്തിൽ നീതിയുള്ള ഭരണകൂടം സ്ഥാപിക്കുന്നു. ഇവിടെ വിശുദ്ധന്മാർക്ക് മാത്രമേ പ്രവേശനമുണ്ടാകുകയുള്ളൂ. ഈ അവസരത്തിൽ പിശാചിനെ ആയിരം ആണ്ടേയ്ക്ക് ചങ്ങലയ്ക്കിടുന്നു. ആയിരാമാണ്ട് സ്ഥാപനത്തിന് മുമ്പായി ക്രിസ്തു തന്റെ തേജസ്സിന്റെ സിംഹാസനത്തിന് മുമ്പാകെ സകല ജാതികളെയും കൂട്ടും. മത്താ.25:31,32. ചെമ്മരിയാടുകളെയും, കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിക്കുന്നു. അഭക്തന്മാരായ ദുഷ്ടന്മാരെ നിത്യദണ്ഡനത്തിലേക്കും നീതിമാൻമാരെ നിത്യജീവങ്കലേക്കും അഥവാ ആയിരം ആണ്ടിലേക്ക് പ്രവേശിപ്പിക്കുന്നു. പാപരഹിതമായ ഭരണമാണ് ആയിരാമാണ്ടിൽ ഭൂമിയിൽ നടക്കുന്നത്.

## ★ നിത്യത ഒരു യാഥാർത്ഥ്യമോ ?

ക്രിസ്തു പറയുകയുണ്ടായി ഞാൻ പോയി നിങ്ങൾക്ക് സ്ഥലമൊരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്ത് കൊള്ളും യോഹ 14:3. രക്ഷിക്കപ്പെട്ട സകലർക്കുമായി ദൈവം ഒരുക്കിയിരിക്കുന്ന സ്ഥലമാണ് സ്വർഗ്ഗം.

## ★ ഞാൻ എന്താണ് ചെയ്യേണ്ടത് ?

അനുതപിക്കുക, വിശ്വസിക്കുക, പാപങ്ങളെ ഏറ്റുപറയുക, രക്ഷിക്കപ്പെടുക.

"ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞ് കൊൾവിൻ" യോഹ 3:19. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും അപ്പോ. 16:31.കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു" എഫെ. 2:8.

*സ്നേഹിതാ, സർവ്വശക്തനായ ദൈവം യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനൊരുക്കിയ സൗജന്യരക്ഷയെ താങ്കൾ കരസ്ഥമാക്കിയിട്ടുണ്ടോ? മരണത്തിന് ശേഷമുള്ള ജീവിതത്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? കർത്താവായ യേശുക്രിസ്തുവിലൂടെ ശാശ്വതസമാധാനവും, സന്തോഷവും, നിത്യതയും പ്രാപിക്കുവാനുള്ള അവസാന നിമിഷമായി പരിഗണിച്ച് ഇപ്പോൾ തന്നെ യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുക. ഭാവിയുടെ ഭദ്രത ഉറപ്പ് വരുത്തുക.*

ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ വീട്ടിലിരുന്ന് പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.
***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5650 (Malayalam)
All tracts free as the Lord provides. Not to be sold.